**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3498** **26-10-2021 - ൽ മറുപടിയ്ക്ക്**

**'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതി യെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർത്തി രിക്കുന്നു. |
| (ബി) | കോളേജുകൾ തുറന്ന് പ്രവർത്തിച്ച തുടങ്ങുമ്പോൾ 'ലെറ്റ്സ് ഗോ ഡിജിറ്റൽ' പദ്ധതി എങ്ങനെ പ്രയോജനപ്പെടുമെന്ന് വിശദീകരിക്കാമോ? | (ബി) | കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുന്നതിനായിട്ടുള്ള ഈ ഓൺലൈൻ പദ്ധതി അദ്ധ്യാപന-അദ്ധ്യയന രംഗത്ത് ഒരു പുതിയ കാൽവയ്പായി മാറുകയാണ്. വെബിനാറുകളും ടെലികോൺഫറൻ സിങ്ങും പതിവു രീതിയായി മാറുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും ഐ.സി.ടിയും ഉന്നത വിദ്യാഭ്യാസത്തിനു അനിഷേദ്ധ്യ മാംവിധം നിർണ്ണായക മാണ്. അവയെ സർവ്വകലാശാലാ പാഠ്യപദ്ധതികളുടെയും സിലബസ്സിന്റെയും കോഴ്സുകളുടെയും അവിഭാജ്യഘടകങ്ങളാക്കും ഇപ്പോഴത്തെ ക്ലാസ്സുമുറി സമ്പ്രദായം ശക്തിപ്പെടുത്തുന്ന പോഷകമായി ഓൺലൈൻ രീതികൂട്ടിച്ചേർക്കും. ശാരീരിക അകലം പാലിക്കലും യാത്രാവിലക്കുംമറ്റും ഒഴിവാക്കാനാവാത്തിടത്തോളം ഓൺ ലൈനിലൂടെയുള്ള കോഴ്സ് ചിട്ടപ്പെടുത്തലും വിനിമയവും മൂല്യ നിർണ്ണയവുമായിരിക്കും മേൽ കൈനേടുന്നത്. എൽ.ബി.എസിന്റെ കീഴിൽ വരുന്ന 2 എഞ്ചിനീയറിംഗ് കോളേജുകളിലും ഒരു ഡിഗ്രി കോളേജിലും ഏകദേശം 95% വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണം ലഭ്യമായിട്ടുണ്ട്. മറ്റ് വിദ്യാർത്ഥികൾക്ക് സന്നദ്ധസംഘ ടനകളും, കോളേജ് alumni association-നുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പഠനോപകരണം ലഭ്യമാക്കാനുള്ള നട പടികളും, കോളേജിലെ കമ്പ്യൂട്ടറുകൾ താൽക്കാലികമായി വീട്ടിൽ കൊണ്ടു പോയി ഉപയോഗിക്കാനുള്ള അനുമതി യും നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ. ഡി യുടെ കീഴിലുള്ള എഞ്ചീനിയറിംഗ് കോളേജുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിതമായ ഏകീകൃത പ്ലാറ്റ്ഫോമായ മൂഡിൽ ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയി ട്ടുണ്ട്. കൂടാതെ ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും (കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മോഡൽ പോളിടെക്നിക് കോളേജ്, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ) ഐ.എച്ച്.ആർ.ഡി നടത്തുന്ന PGDCA/DDTOA/DCA/ CCLIS/DCFA എന്നീ കോഴ്സുകളും ഓൺലൈൻ മോഡിൽ ക്ലാസ്സുകളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് "Let's go digital" എന്ന ക്യാമ്പയിൻ സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊ ണ്ടുവരികയാണ് **ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതി**യിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാല - കോളേജുകളിലെയും മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളും Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെയാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

എല്ലാ സർവ്വകലാശാലകളിലും കോളേജുകളിലും Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നിലവിൽ കൊ ണ്ടുവരാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ചിലവുകുറഞ്ഞതും എന്നാൽ അതിവേഗം തന്നെ പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃത മാതൃകയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും, കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു.

**ഇതിനാവശ്യമായ വിഭവങ്ങൾ (Resource Requirement)**

| | | |
|---|---|---|
| 1 | വിദ്യാർത്ഥിതലം | നെറ്റ്‌വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ്ടോപ്/ഡെസ്ക്ടോപ്പ് |
| 2 | ഫാക്കൽറ്റിതലം | നെറ്റ്‌വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ്ടോപ്/ഡെസ്ക്ടോപ്പ് |
| 3 | ഇൻസ്റ്റിറ്റ്യൂഷൻതലം | നെറ്റ്‌വർക്ക് കണക്ടീവിറ്റി, മൊബൈൽ/ലാപ്ടോപ്/ഡെസ്ക്ടോപ്പ് |
| 4 | Cloud level | Centralized Cloud Facility of the State Data Centre (SDC) |

**അദ്ധ്യാപക പരിശീലനം:** ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത

വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചു കഴിഞ്ഞു. 3600 അദ്ധ്യാപകർക്ക് ഇതിനോടകം ഓൺലൈൻ പഠന രംഗത്ത് പരിശീലനം നൽകി കഴിഞ്ഞു.

ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മുകളിൽ വിവരിച്ച ഈ പദ്ധതി 100 മുതൽ 150 ദിവസത്തിനുള്ളിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റി, സംസ്ഥാനത്തെ സർവ്വകലാശാലകൾ, കോളേജുകൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ സാക്ഷാത്കരിക്കാനാണ് ലക്ഷ്യമിടുന്നത്.

**ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala)** - സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും സംയുക്തമായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഓൺലൈൻ വിദ്യാഭ്യാസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി നിർദ്ദേശമാണ്. ഇതിനാവശ്യമായ കേന്ദ്രീകൃത സംവിധാനം സ്റ്റേറ്റ് ഡേറ്റാ സെന്ററിലാണ് ഒരുക്കുന്നത്. സാങ്കേതിക സഹായം ഡിജിറ്റൽ യൂണിവേഴ്സിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിലിന് നൽകുന്നതായിരിക്കും. ഈ പദ്ധതി ഒരേ സമയം കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായി പ്രാവർത്തികമാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ ഒരുക്കുന്ന ക്ലൗഡ് സ്പെയിസ് (Cloud Space) ഒരു കേന്ദ്രീകൃത സംവിധാനമാണ്. എന്നാൽ ഓരോ സ്ഥാപനങ്ങൾക്കും അവരുടെ അക്കാദമിക പ്രോഗ്രാമുകൾക്ക് അനുസൃതമായി Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഒരുക്കിയെടുക്കാവുന്നതാണ്.

Moodle LMS സംവിധാനം കോളേജുകളിലും സർവ്വകലാശാലകളിലും പ്രാവർത്തി ക മാക്കുന്നതിന് ആവശ്യമായ അധ്യാപക പരിശീലന പരിപാടികൾ (FDP പ്രോഗ്രാമുകൾ) സംഘടിപ്പിക്കുന്നത്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിലുള്ള ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആണ്. ഈ പരിശീലന പ രിപാടികളിലൂടെ സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധരുടെ ഒരു വിഭാഗത്തെ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്.

പഠനസാമഗ്രികളുടെ സംഭരണി (Repository of Online Learning Materials):- സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ട്. സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ബൃഹത്തായ സംഭരണിയിൽ നിന്നും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം വളരെ ലളിതമായി പഠനസാമഗ്രികൾ തെരഞ്ഞെടുക്കാവുന്നതാണ്. നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെടുന്നതും ദിനംപ്രതി വികാസം നേടുന്നതുമായ ഈ സംഭരണിയിൽ, ഇതിനോടകം, 130 ൽപ്പരം അദ്ധ്യാപകർ തയ്യാറാക്കിയ വിവിധ യു.ജി./പി.ജി പ്രോഗ്രാമുകളുടെ 2000 ലധികം pdf, word, audio,

video, ppt, e-content കൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്ക e-content കളും You Tube ചാനലിലേക്ക് കണക്ട് ചെയ്തിട്ടു മുണ്ട്.

ലേണിംഗ് മാനേജ്മെന്റ് സാങ്കേതിക വിദ്യയിൽ അദ്ധ്യാപകർക്ക് മൂന്ന് ക്ലസ്റ്ററുകളിലായി ആകെ പതിനാല് ട്രെയിനിംഗ് ഇതുവരെ നടന്നു കഴിഞ്ഞു. ഈ മൂന്ന് ക്ലസ്റ്ററുകളിലായി നടത്തിയ ട്രെയിനിംഗിൽ 35 കോളേജുകളിലെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകാനായി. കൂടാതെ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ്, കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരം എന്നീ കോളേജുകളിലും എൽ.എം.എസ് നടപ്പിലാക്കിത്തുടങ്ങി. മൂന്ന് ക്ലസ്റ്ററുകളിലായി 13 ജില്ലകളിൽ നിന്നുള്ള വിവിധ കോളേജുകൾ ട്രെയിനിംഗിൽ ഉൾപ്പെട്ടു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ